"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിൽ ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രസിന്റായിരുന്ന ശ്രീ. കെ.ഡി. പ്രസാദ് തന്നിൽ നിഷിപ്തമല്ലാത്ത അധികാരം ഉപയോഗിച്ച് സിത്താര ഇൻഡേൻ ഗ്യാസ് ഏജൻസിക്ക് നിരാക്ഷേപപത്രം നൽകിയ വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.509/2022/LSGD തീയതി,തിരുവനന്തപുരം, 04-03-2022

---

പരാമർശം:-

1. ശ്രീ. കൃഷൻദേവ് ഗൗർ 02/02/2021, 25/09/2021 എന്നീ തീയതികളിൽ ഇ-മെയിൽ മുഖേന സമർപ്പിച്ച പരാതികൾ.
2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആർ.ബി.1/46/2021/ത.സ്വ.ഭ.വ. നമ്പർ ഫയൽ.
3. വിജിലൻസ് (ഡി) വകുപ്പിന്റെ 09/09/2021 ലെ വിജി-ഡി4/196/2020-വിജി. നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 04/02/2022 ലെ PAN/15991/2021-C8(DP) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിൽ ശ്രീ. സി. എസ്. അബീബ്, എന്നയാളുടെ ഉടമസ്ഥതയിൽ സിത്താര ഇൻഡേൻ ഗ്യാസ് ഏജൻസി എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. കെ.ഡി. പ്രസാദ് തന്നിൽ നിക്ഷിപ്തമല്ലാത്ത അധികാരം ഉപയോഗിച്ച് നിരാക്ഷേപ പത്രം നൽകിയതായി പരാമർശം (1) പ്രകാരം ലഭിച്ച പരാതി പരിശോധിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യകാര്യനിർവ്വഹണ അധികാരിയാണെങ്കിലും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിയമവും അനുബന്ധചട്ടങ്ങളും പ്രകാരം ഏതെങ്കിലും ആവശ്യത്തിന് നിരാക്ഷേപ പത്രം നൽ കുന്നതിന് പ്രസിഡന്റിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയില്ലാത്തതിനാൽ, പ്രസിഡന്റ് നൽകിയ നിരാക്ഷേപ പത്രത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്യാമെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെല്ലാനം ഗ്രാമപഞ്ചായത്തിൽ ശ്രീ. സി. എസ്. അബീബിന്റെ സിത്താര ഇൻഡേൻ ഗ്യാസ് ഏജൻസിക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. കെ.ഡി. പ്രസാദ് നൽകിയ നിരാക്ഷേപ പത്രത്തിന്റെ ആധികാരികത പരിശോധിക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 271(m) വകുപ്പ് പ്രകാരം വിഷയം തദ്ദേശ സ്വയംഭരണ സാഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത്

ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ് മാന്റെ കാര്യാലയം, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.

സെക്രട്ടറി, ചെല്ലാനം ഗ്രാമപഞ്ചായത്ത്, എറണാകുളം.

ശ്രീ. കൃഷൻദേവ് ഗൗർ, 8/758, MIG-24, ശാന്തിനഗർ കോളനി,

കുവപ്പാടം, കൊച്ചി -2, പിൻ - 682 002.

തദ്ദേശ സ്വയംഭരണ (ആർ.ബി.) വകുപ്പ്.

വിജിലൻസ് (ഡി) വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by M.k.pradeesh Kumar**
**Date: 05-03-2022 10:58:59**
സെക്ഷൻ ഓഫീസർ